**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **19-01-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പെൻഷൻ നൽകുന്നതിന് ചിലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയിരുന്നത്; പ്രതിമാസം എത്ര രൂപയായിരുന്നു നൽകിയിരുന്നത്; ഇതിനു വേണ്ടി യു.ഡി.എഫ്ഗവൺമെന്റ് എത്ര രൂപ ചിലവഴിച്ചിരുന്നു; | (എ) | കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 34,43,414 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നത്. പ്രതിമാസം നല്കിയിരുന്ന പെൻഷൻ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിനായി യു.ഡി.എഫ്. ഗവൺമെന്റ് 93,11,21,86,148/- രൂപയാണ് ചെലവഴിച്ചത്. |
| (ബി) | ഈ സർക്കാർ വരുമ്പോൾ സാമൂഹ്യ പെൻഷൻ എത്ര മാസം കുടിശിക ഉണ്ടായിരുന്നു; അത് ആകെ എത്ര കോടി രൂപ വരും; | (ബി) | ഈ സർക്കാർ വരുമ്പോളുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കുടിശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്തക്കൾക്ക് വ്യത്യസ്ത രീതിയിലാണ്. |
| (സി) | നിലവിൽ സാമൂഹ്യ പെൻഷൻ എത്ര പേർക്കാണ് നൽകുന്നത് ; അത് പ്രതിമാസം എത്ര രൂപയാണ്; | (സി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാർ വന്നതിനു ശേഷം ഇതേ വരെ എത്ര കോടി രൂപ സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നതിനായി ചെ ലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ വന്നതിനുശേഷം ഇതേ വരെ 5 ഇനം പെൻഷനുകളിലായി (കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം) 2,73,17,08,14,810/- രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പെൻഷൻ തരം | ഉപവിഭാഗം | പെൻഷൻ റേറ്റ് |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | | 600 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് താഴെ | 600 |
| | | 75 വയസ്സിന് മുകളിൽ | 1500 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി /മാനസികമായി വെല്ലുവിളി നേരിടുന്നവർ | അംഗപരിമിതി 80 ശതമാനത്തിൽ കുറവ് | 800 |
| | | അംഗപരിമിതി 80 ശതമാനത്തിൽ കൂടുതൽ | 1100 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | | 800 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |

അനുബന്ധം

| ക്രമ നമ്പർ | പെൻഷൻ തരം | തുക |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 99,69,56,240 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 8,03,84,89,650 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ | 95,11,43,535 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 25,97,13,150 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 4,49,04,35,840 |
| **ആകെ** | | **14,73,67,38,415** |

അനുബന്ധം

| ക്രമ നമ്പർ | പെൻഷൻ തരം | പ്രതിമാസ പെൻഷൻ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1500 | 436130 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1500 | 2580514 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം - ശാരീരികമായി /മാനസികമായി വെല്ലുവിളി നേരിടുന്നവർ | 1500 | 405298 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1500 | 85081 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 1500 | 1357604 |
| **ആകെ** | | | **48,64,627** |